(സി) കേന്ദ്ര സഹായത്തോടുള്ള ആർ.കെ.വി.വൈ. പദ്ധതി പ്രകാരം നാഷണൽ ഹോർട്ടികൾച്ചർ മിഷന്റെ മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ചാണ് പദ്ധതികൾ നടപ്പിലാക്കുന്നത്. ഇത് പ്രകാരം തരിശ് നിലങ്ങളിൽ കൃഷിയിറക്കുന്നതിന് ഉല്പാദനോപാധികളുടെ ചെലവിനത്തിൽ ഹെക്ടറിന് 7,500 രൂപയും കൃഷി ചെലവിനായി ഹെക്ടറിന് 4,000 രൂപയും എന്ന ക്രമത്തിൽ ആകെ 11,500 രൂപയാണ് നൽകാൻ വ്യവസ്ഥ ചെയ്തിട്ടുള്ളത്. ഇത് കർശനമായി പാലിക്കപ്പെടണമെന്ന കേന്ദ്ര നിർദ്ദേശമനുസരിച്ചാണ് 2014-15 വർഷം ആർ.കെ.വി.വൈ. പദ്ധതി പ്രകാരം തരിശുനിലകൃഷിക്കുള്ള ആനുകൂല്യം ഹെക്ടറിന് 11,500 രൂപയായി നിജപ്പെടുത്തിയത്.

(ഡി) ഇതുമായി ബന്ധപ്പെട്ട് പഠനങ്ങൾ ഒന്നും നടത്തിയിട്ടില്ല.

(ഇ) നാഷണൽ ഹോർട്ടിക്കൾച്ചർ മിഷൻ തലത്തിലാണ് തീരുമാനമെടുക്കേണ്ടത്.

കർഷക രജിസ്ട്രേഷൻ

171 (3455) ശ്രീ. കെ. എൻ. എ. ഖാദർ :
ശ്രീ. കെ. എം. ഷാജി :
ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി :
ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെകാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കർഷക രജിസ്ട്രേഷൻ നടപടികൾ പൂർത്തിയായിട്ടുണ്ടോ ; കർഷകർക്ക് രജിസ്ട്രേഷൻ കാർഡ് നൽകുന്ന നടപടികൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ;

(ബി) കർഷകരുടെ വിവരം, കാർഷിക ഭൂമിയുടെ വിസ്തീർണ്ണം, വിളകളുടെ വിവരങ്ങൾ എന്നിവ സംബന്ധിച്ച ഡാറ്റാ ബാങ്ക് തയ്യാറാക്കുന്നതിന് സ്വീകരിച്ച മാനദണ്ഡമെന്താണെന്ന് വിശദമാക്കുമോ ;

(സി) പ്രസ്തുത മാനദണ്ഡ പ്രകാരം ലഭ്യമായ എല്ലാ കൃഷിഭൂമികളുടെയും വിളകളുടെയും ഉടമകളെ സംബന്ധിച്ച വിവരങ്ങളെല്ലാം ശേഖരിച്ചു കഴിഞ്ഞോ ; എങ്കിൽ പ്രസ്തുത വിവരങ്ങൾ കർഷകരുടെ അറിവിലേയ്ക്കും തിരുത്തലുകൾ വരുത്തുന്നതിനുമായി ഓൺലൈനിൽ പ്രസിദ്ധപ്പെടുത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 2013 ജൂലൈ 31 വരെ 18.77 ലക്ഷം അപേക്ഷകൾ ലഭിക്കുകയും 17.45 ലക്ഷം അപേക്ഷകരുടെ രജിസ്ട്രേഷൻ പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. രജിസ്റ്റർ ചെയ്ത കർഷകർക്ക് 'അഗ്രി കാർഡ്' വിതരണം ചെയ്യുന്നതിന് കാനറ ബാങ്കിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(ബി) കൃഷി വകുപ്പ് തയ്യാറാക്കിയ അപേക്ഷാ ഫോറം സംസ്ഥാനത്തെ വിവിധ കൃഷിഭവനുകൾ മുഖേന കർഷകർക്ക് വിതരണം ചെയ്യുകയും കർഷകരുടെ വ്യക്തിഗത വിവരങ്ങളോടൊപ്പം കാർഷിക ഭൂമിയുടെ വിസ്തൃതി, വിളകളുടെ വിവരങ്ങൾ തുടങ്ങിയവ കർഷകർതന്നെ രേഖപ്പെടുത്തിയത് ശേഖരിച്ച് ഡേറ്റാ ബാങ്ക് തയ്യാറാക്കുന്നതിന് അക്ഷയ കേന്ദ്രങ്ങൾക്ക് നൽകുകയാണ് ചെയ്തിട്ടുള്ളത്.

(സി) ലഭ്യമായ അപേക്ഷകളിൽ രേഖപ്പെടുത്തിയിട്ടുള്ള വിവരങ്ങൾ ഡേറ്റാ ബാങ്കിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത വിവരങ്ങൾ രേഖപ്പെടുത്തൽ പൂർത്തിയായതിനു ശേഷം ഓൺലൈനിൽ പ്രസിദ്ധീകരിക്കുന്നതാണ്.

ഹൈടെക് കൃഷി രീതി

172 (3456) ശ്രീ. എസ്. ശർമ്മ :
ശ്രീ. ബാബു എം. പാലിശ്ശേരി :
ശ്രീ. കെ. കെ. നാരായണൻ :
ശ്രീ. പി. റ്റി. എ. റഹീം : താഴെകാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന സർക്കാർ നടപ്പാക്കിവരുന്ന ഹൈടെക് കൃഷി രീതിയുടെ വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ;

(ബി) ഹൈടെക് കൃഷി രീതി നടപ്പാക്കിത്തുടങ്ങി രണ്ടു വർഷം കഴിഞ്ഞിരിക്കെ ഇത് സംസ്ഥാനത്തെ കാർഷികോല്പന്ന രംഗത്ത് എന്തെങ്കിലും ചലനങ്ങൾ സൃഷ്ടിച്ചിട്ടുണ്ടോ; വിശദമാക്കാമോ; സംസ്ഥാനത്ത് ആവശ്യമായി വരുന്ന പച്ചക്കറികൾ ഇത്തരം ഹൈടെക് കൃഷി രീതി നടപ്പാക്കുന്ന കേന്ദ്രങ്ങളിൽ നിന്നും ലഭ്യമാകുന്നുണ്ടോ ;

(സി) മുതൽമുടക്കിനനുസൃതമായുള്ള വരുമാനം പ്രസ്തുത രീതി അവലംബിക്കുന്ന കർഷകർക്ക് ലഭ്യമാകുന്നുണ്ടോ ; വിശദമാക്കുമോ ?